ക്ഷേമനിധി ബോർഡിന്റെ ഫണ്ട്

56 (453) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. വി ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറിയിൽ ഏതെങ്കിലും ക്ഷേമനിധി ബോർഡ് അവരുടെ ഫണ്ട് അടച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ക്ഷേമനിധി ബോർഡുകൾ എത്ര തുക വീതം അടച്ചിട്ടുണ്ട് ;

(സി) ഈ തുകയ്ക്ക് എത്ര ശതമാനം പലിശ നൽകുന്നു ;

(ഡി) ഈ പലിശ മാസം തോറും നൽകുകയാണോ ചെയ്യുന്നത് ;

(ഇ) അല്ലാത്തപക്ഷം ഈ പലിശ എപ്പോഴെല്ലാമാണ് നൽകുന്നതെന്ന് പറയുമോ ;

(എഫ്) ഇപ്പോൾ ഏതെല്ലാം ക്ഷേമനിധിക്ക് കൊടുക്കുവാനുള്ള പലിശ കുടിശ്ശികയായിട്ടുണ്ട്.

(ജി) പലിശയിനത്തിൽ ഒട്ടാകെ എന്ത് കുടിശ്ശികയുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി)

കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധിബോർഡ്	:	71 കോടി രൂപ
ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്	:	15 കോടി "
കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേനിധി ബോർഡ്	:	40 കോടി "
മോട്ടോർ തൊഴിലാളി ക്ഷേനിധി ബോർഡ്	:	12 കോടി "
അബ്കാരി തൊഴിലാളി ക്ഷേനിധിബോർഡ്	:	15കോടി "

(സി) ഓരോ ബോർഡിനും അവർക്ക് നിക്ഷേപത്തിന് ബാങ്കിൽ നിന്നും ലഭിച്ചിരുന്ന പലിശയും ഭരണച്ചെലവിനായി അധികം 2 ശതമാനം പലിശയും നൽകുന്നു.

(ഡി) അല്ല.

(ഇ) തുക തിരികെ നൽകുമ്പോൾ.

(എഫ്&ജി) ബോർഡുകൾ നിക്ഷേപിച്ച തുക അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരിച്ച് നൽകുമ്പോഴാണ് പലിശ നൽകുന്നത്. ആയതിനാൽ പലിശ തുക ഇപ്പോൾ കണക്കാക്കുവാൻ കഴിയില്ല.

947/2010

LIBRARY ARCHIVES Kerala Legislative Assembly